Reg. No.................................. (2 Pages) **K 6048**

Name......................................

**FOURTH SEMESTER B.A. DEGREE EXAMINATION, APRIL/MAY 2005**

(Restructured Course)

Branch – Malayalam with Mass Communication

Main Paper V – ദൃശ്യകലാസാഹിത്യം (എ) നാടകം

( 2002 admissions)

Time : Three Hours Maximum : 50 marks

I. ഓരോ ചോദ്യത്തിനും ഒരു വാക്കിൽ ഉത്തരമെഴുതുക :

1. മലയാളത്തിലെ ഇബ്സൻ എന്ന വിശേഷണത്തിനർഹനായ നാടക കൃത്ത് ?
2. സംസ്കൃതനാടകവേദിയുടെ പ്രാതിനിധ്യമുള്ള കേരളത്തിലെ പ്രാചീന ദൃശ്യകലാരൂപമേത് ?
3. 'കലി' ഏതു വകുപ്പിൽപ്പെടുത്താവുന്ന നാടകമാണ് ?
4. വി.ടി. രചിച്ച സാമൂഹ്യപ്രസക്തിയുള്ള നാടകം ?
5. 'മധ്യമവ്യായോഗം '– ആരുടെ കൃതി ?
6. ട്രാജഡി എന്നു വിശേഷിപ്പിക്കാവുന്ന സംസ്കൃത നാടകം ?
7. 'ശബ്ദിക്കുന്ന കലപ്പ ' കഥയോ നാടകമോ ?
8. 'തിരുവാഴിത്താൻ' ജി. ശങ്കരപ്പിള്ളയുടെ നാടകമാണോ?
9. വടിവേലവനെ മഷിയിട്ടു നോക്കി വരുത്തുന്നതാര് ?
10. സ്വപ്നവാസവദത്തത്തിലെ ഏത് അങ്കത്തിലാണ് സ്വപ്നം ഘടിപ്പിച്ചിട്ടുള്ളത് ?

(10 × ½ = 5 marks)

II. ഓരോന്നും ഒരു ഖണ്ഡികയിൽ (മുപ്പതു വാക്ക് ) കവിയാതെ പത്തു ചോദ്യത്തിന് ഉത്തരമെഴുതുക :

11. "റാഗ്നറുടെ തലമണ്ടയിൽ നിന്ന് ആ വിഡ്ഢിത്തം തുടച്ചു മാറ്റിക്കളയൂ "– ഏതു വിഡ്ഢിത്തം ?
12. ഓ നാശം നാശം ഒരൊറ്റ സൂര്യകിരണം പോലുമില്ല ഇവിടെ ! നമ്മുടെ വീട്ടിൽ പ്രകാശത്തിന്റെ നേരിയൊരു രേഖ പോലുമില്ലല്ലോ – ആശയം വിശദമാക്കുക.
13. "കാടുകളിലെങ്ങും പറന്നു നടക്കുന്ന ഒരു കാട്ടു പക്ഷിയാണു നീ" – സാരസ്യം വ്യക്തമാക്കുക.
14. "അതെ, എന്റേതായ എല്ലാം അന്നെരിഞ്ഞു പോയി "– സന്ദർഭം കുറിക്കുക.
15. "അയ്യോ കഷ്ടമായല്ലോ, വട്ടപ്പമിക്കാരനോട് ഈ കടുപ്പം കാട്ടണ്ടായിരുന്നു "– എന്താണ് ആ കടുപ്പം ?
16. ദേശത്തുടയോന്റെ മകൻ ആര് ? അയാളെ വധിച്ചതാര് 'എന്തിന് ?
17. പരിഷേ, ഒരു പരമരഹസ്യം പറയാം. കൂട്ടത്തിലാരും അറിയണ്ടാ, നിന്നെ വിശ്വസിക്കാമോ ? പക്കി പറയുന്ന രഹസ്യമെന്ത് ?
18. ലാവാണകത്തിലെ ബ്രഹ്മചാരി കൊണ്ടു വന്ന വാർത്തയെന്ത് ?
19. വാസവദത്തയെ സൈരന്ധ്രിയാക്കിയതിന്റെ ലക്ഷ്യമെന്തായിരുന്നു ?

Turn over

20. മഹാപുരുഷന്മാർക്കു ദു:ഖമെല്ലാം കഠിനവും എന്നാൽ അത് വേഗം പോകുകയും ചെയ്യുമെന്ന് ധാത്രി പറയുന്നതിലെ സൂചന വ്യക്തമാക്കുക.

21. വരണമാല കെട്ടാൻ വാസവദത്തയെ തന്നെ ഏല്പിച്ചതിന്റെ കാരണം വിശദമാക്കുക.

22. വാസവദത്തയെയാണോ പത്മാവതിയെയാണോ കൂടുതൽ പ്രിയമെന്ന ചോദ്യത്തിന് ഉദയനൻ നല്കുന്ന മറുപടി എന്ത് ?

(10 × 1 = 10 marks)

III. ഓരോന്നും ഒരു പുറത്തിൽ ( നൂറു വാക്ക്) കവിയാതെ പത്തു ചോദ്യത്തിന് ഉത്തരമെഴുതുക :

23. പത്മാവതിയുടെ ഉദ്യാനപ്രവേശത്തിനുള്ള പ്രത്യേകത വിവരിക്കുക.

24. പ്രമദവനത്തിൽ വെച്ച് വാസവദത്തയ്ക്കുണ്ടായ മനോവിചാരം നിരൂപിക്കുക.

25. രുമണ്വാന് സ്വപ്നവാസവദത്തത്തിലുള്ള സ്ഥാനം വിശദമാക്കുക.

26. ആര്യവസന്തകൻ ഒരു അനിവാര്യ കഥാപാത്രമാണോ? എന്തുകൊണ്ട് ?

27. ആയിഷയും സുകുമാരനും പ്രണയബദ്ധരായിത്തീരുന്നതിലേക്ക് രംഗം 3 സൃഷ്ടിക്കുന്നു സാഹചര്യം വിവരിക്കുക.

28. മതങ്ങൾ തമ്മിലുള്ള 'കൂട്ടുകൃഷി' യായും ഇടശ്ശേരിയുടെ നാടകത്തെ വിലയിരുത്താമോ?

29. പക്കി ലക്ഷ്യമാക്കുന്ന വ്യക്തിപരവും സാമൂഹ്യവുമായ നേട്ടം വിശദമാക്കുക.

30. കല്ലേൽ വെക്കുക, കുത്തിച്ചതയ്ക്കുക, കുമ്പിളു കോട്ടുക, മൂക്കത്തു വെക്കുക – ഈ ആഭിചാരക്രിയയുടെ രംഗാവതരണം വിശദമാക്കുക.

31. രാജശില്പിയിൽ ഡോക്ടർക്കുള്ള സ്ഥാനം നിർണ്ണയിക്കുക.

32. "ഒരു സ്ത്രീയുടെ ജഡത്തോടാണ് ജീവനുള്ള എന്നെ ചങ്ങലയിട്ട് തളച്ചിരിക്കുന്നത് " – സാരസ്യം വ്യക്തമാക്കുക.

33. രാജശില്പിയിലെ ഒരു നാടകീയ മുഹൂർത്തം വിവരിക്കുക.

34. രാജശില്പിയിലെ സ്ഥലകാലങ്ങൾ വിശദമാക്കുക.

(10 × 2 = 20 marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

35. 'സ്വപ്നവാസവദത്തം' എന്ന പേരിന്റെ ഔചിത്യം പരിചിന്തിക്കുക.

**അല്ലെങ്കിൽ**

'ഭാസനാടകങ്ങൾ രംഗപ്രയോഗക്ഷമങ്ങളാണ്' – ചർച്ച ചെയ്യുക.

36. സോൾനസ്സ് അനുഭവിക്കുന്ന മാനസിക വ്യഥ അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

ബ്രോവിക്, റാഗ്നർ എന്നീ കഥാപാത്രങ്ങളുടെ ചിത്രീകരണത്തിലുള്ള പ്രത്യേകതകൾ നിരൂപിക്കുക.

37. നാടക കലയും സാഹിത്യ കലയും ഏകോപിച്ച കൃതിയാണ് 'കൂട്ടുകൃഷി ' – പരിശോധിക്കുക.

**അല്ലെങ്കിൽ**

'അവനവൻ കടമ്പ' യിലെ നാടോടി പാരമ്പര്യം വിശകലനം ചെയ്യുക.

(3 × 5 = 15 marks)